**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1831** **10.02.2020-ൽ മറുപടിയ്ക്ക്**

**മലപ്പുറം ആർ.ടി. ഓഫീസ് പരിധി പുനർനിർണ്ണയ നടപടി**

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മലപ്പുറം ആർ.ടി. ഓഫീസ് പരിധി പുനർനിർണ്ണയ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്നറിയിക്കാമോ; വിശദാംശം നൽകുമോ; | (എ) | മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്ക് ആസ്ഥാനമാക്കി പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. ടി ഓഫീസിന്റെ അധികാര പരിധി നിർണ്ണയിക്കുന്നതിനും ആയതിനോടൊപ്പം മലപ്പുറം ആർ.ടി ഓഫീസ് പരിധി പുനർനിർണ്ണയിക്കുന്നതിനുമുള്ള നടപടികൾ പൂർത്തിയായി വരികയാണ്. |
| (ബി) | ആയതിന്റെ സാധ്യതാ റിപ്പോർട്ട് മധ്യമേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; റിപ്പോർട്ട് പരിശോധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി)<br>&<br>(സി) | കൊണ്ടോട്ടി ആസ്ഥാനമാക്കി പുതിയ സബ് ആർ.ടി ഓഫീസ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് ടി ഓഫീസിന്റെ അധികാര പരിധി നിർണ്ണയിച്ചു കൊണ്ടും , മലപ്പുറം ആർ.ടി ഓഫീസിന്റെ അധികാര പരിധി പുനർനിർണ്ണയിച്ചു കൊണ്ടും മദ്ധ്യമേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ, ട്രാൻസ്പോർട്ട് കമ്മീഷണർ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതിർത്തി പുനർനിർണ്ണയ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | അതിർത്തി പുനർ നിർണ്ണയ നടപടികൾ ത്വരിതപ്പെടുത്തുമോ; വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**